**ഗ്രാമ ന്യായാലയ, പുലാമന്തോൾ മുൻപാകെ**
ഹാജർ: ശ്രീമതി. വിനിത.വി.പൈ, ന്യായാധികാരി
**2025 ഒക്ടോബർ 28 ആം തീയതി**

**എം.സി. 24/2025**
**ൽ**
**സി.എം.പി. 736/2025 , 737/2025, 738/2025**

| | | |
|---|---|---|
| ഹരജിക്കാരി | : | നന്ദന.പി.ആർ, വയസ്സ് 22, D/o. രാമദാസ്<br>പടിപ്പുരവീട്ടിൽ ഹൗസ്, ആനമങ്ങാട് പി.ഒ, മുഴന്നമണ്ണ, മലപ്പുറം ജില്ല, 673641.<br><br>(പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ പരിധി) |

(വക്കാലത്ത് Adv. ശ്രിമതി. എസ്. നിഷ വിജയകുമാർ & ശീമതി. പി. ദിവ്യാലക്ഷ്മി)

| | | |
|---|---|---|
| എതൃകക്ഷികൾ | : | 1. ഹരീഷ്, വയസ്സ്. 27, S/o. ദാസൻ,<br>2. സീതദേവി, വയസ്സ്. 54, W/o. ദാസൻ,<br>3. ദാസൻ, വയസ്സ് 62, |
| | | കോഴിച്ചുട്ടാനിൽ ഹൗസ്, അമ്പലപാറ പി.ഒ, വേങ്ങശ്ശേരി, പാലക്കാട് ജില്ല. 679512.<br><br>(ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ പരിധി) |

| | | |
|---|---|---|
| വകുപ്പ് | | ഗാർഹിക പീഡനത്തിനുള്ള സ്ത്രീ സംരക്ഷണ നിയമം 2005, വകുപ്പ് 23 അനുസരിച്ചുള്ളതാണ്. |

**ഉത്തരവ്**

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 23-ആം വകുപ്പ് പ്രകാരം ഹർജികക്ഷികൾ ഇടക്കാല ആശ്വാസം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകളാണിത്.

2. കേട്ടു. സത്യവാങ്മൂലവും അപേക്ഷയും പരിശോധിച്ചു, എതിർകക്ഷികൾ ഗാർഹിക പീഡനപ്രവർത്തികൾ ചെയ്തതോ അല്ലെങ്കിൽ ചെയ്യുന്നതോ അല്ലെങ്കിൽ ചെയ്യാൻ സാധ്യത ഉള്ളതോ ആയ ഒരു പ്രഥമദൃഷ്ട്യാ കേസ് ഹർജികക്ഷികൾ

സമർപ്പിച്ചതിൽ ഞാൻ സംതൃപ്തയാണ്. ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് നോട്ടീസ് നൽകിയാൽ കാലതാമസം കാരണം ഹർജിയുടെ ഉദ്ദേശം പരാജയപ്പെട്ടേക്കാം. വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ ഗാർഹിക പീഡനം തടയുന്നതിന് ഒരു ഇടക്കാല ഉത്തരവ് ആവശ്യമാണെന്നതിന് ഞാൻ സംതൃപ്തയാണ്. അതിനാൽ ഈ ഹർജി തീർപ്പാക്കുന്നതുവരെ ഇനിപ്പറയുന്ന രീതിയിൽ ഈ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. എതിർകക്ഷികളെ ഇതിനാൽ തടഞ്ഞിരിക്കുന്നു:-

1. ഗാർഹിക പീഡന നിയമം Section 18 പ്രകാരം ഹർജികക്ഷികളെ ശാരീരികമായോ മാനസികമായോ പീഡിപ്പിക്കുന്നതിൽ നിന്നും ഗാർഹിക പീഡനത്തിനായി സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നതിൽ നിന്നും എതിർകക്ഷികളെ വിലക്കി ഉത്തരവായിരിക്കുന്നു.

2. ഹർജിക്കാരി ഇപ്പോൾ താമസിച്ചു വരുന്ന ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ 20/344/A ആം നമ്പർ വീട്ടിൽ എതിർകക്ഷിയോ ടിയാന്റെ ആൾക്കാരോ പ്രവേശിക്കുകയോ ഗാർഹിക പീഡനം നടത്തുകയോ ചെയ്തു പോകരുതെന്ന് ഉത്തരവാക്കുന്നു.

3. ഹർജിക്കാരിക്ക് പ്രതിമാസം 5000/- രൂപ വീതം ഇടക്കാല ചിലവിലേക്ക് ഹർജി തിയ്യതി മുതൽ പ്രധാന ഹർജി തീർപ്പാക്കുന്നത് വരെ ഒന്നാം എതൃ കക്ഷിയോട് നൽകാൻ കൽപിച്ച് ഉത്തരവാക്കുന്നു.

4. ഹർജിയിൽ ആവശ്യപ്പെട്ട ബാക്കി നിവൃത്തികൾ ഇരുഭാഗവും കേട്ട ശേഷം പരിഗണിക്കും.

5. ഈ ഉത്തരവിൻെറ പകർപ്പ് സഹിതം എതിർകക്ഷികൾക്ക് അടിയന്തിര നോട്ടീസ് നൽകുക.

6. ഈ ഉത്തരവിൻെറ സൗജന്യ പകർപ്പ് ഹർജികക്ഷികൾക്കും Protection Officer-ക്കും കൈമാറുകയും ആവശ്യമെങ്കിൽ ഹർജികക്ഷികൾക്ക് ആവശ്യമായ സംരക്ഷണം നൽകാനും ഉത്തരവ് നടപ്പാക്കാനും ഈ ഉത്തരവിൻെറ പകർപ്പ് പെരിന്തൽമണ്ണ S.H.O-യ്ക്ക് കൈമാറുക.

എതിർകക്ഷികൾക്ക് നോട്ടീസ് അയച്ചുവരാനായി 01.11.2025 ലേയ്ക്ക് മാറ്റിയിരിക്കുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനെക്കൊണ്ട് പറഞ്ഞ് എഴുതിക്കുകയും ടൈപ്പ് ചെയ്യിക്കുകയും, ഞാൻ തിരുത്തുകയും 28.10.2025 ന് കോടതിയിൽ ഉത്തരവായിരിക്കുന്നു.)

ഒപ്പ്
ന്യായാധികാരി

<u>ഇതിലേക്ക് പകർത്തുക:-</u>

1. Protection Officer
2. SHO, Perinthalmanna Police Station
3. പരാതിക്കാരി
4. എതിർകക്ഷികൾ

ഒപ്പ്
ന്യായാധികാരി

//ശരിപകർപ്പ്//

ന്യായാധികാരി